# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 828** — **03.12.2014- ലെ മറുപടി.**

## കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ ഉദുമ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത കോളേജ് പൂർണ്ണമായും സർക്കാർ മേഖലയിലാണോ തുടങ്ങുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) അതെ. |
| (സി) പ്രസ്തുത കോളേജിന്റെ തറക്കല്ലിടൽ പരിപാടിയിൽ കോളേജ് എന്നത്തേക്ക് യാഥാർത്ഥ്യമാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) കാസർഗോഡ് മെഡിക്കൽ കോളേജ് 2016-2017 വർഷം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് നാളിതുവരെയായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; എത്ര തുക ബഡ്ജറ്റിൽ അനുവദിച്ചുവെന്നും ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പ്രത്യേകം വിശദമാക്കാമോ ? | (ഡി) കാസർഗോഡ് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ ഇതിനകം സ്വീകരിച്ചു.<br>(1) പൂർണ്ണമായും സമയബന്ധിതമായും പൂർത്തീകരിക്കേണ്ട അനുബന്ധസൗകര്യങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി.<br>(2) കോളേജിനും ആശുപത്രിയ്ക്കും താമസസൗകര്യങ്ങൾക്കുമായി 388 കോടി രൂപയുടെ അടങ്കൽ വരുന്ന എസ്റ്റിമേറ്റ് ക്രമീകരിച്ചു.<br>(3) 60 ഏക്കർ സ്ഥലം മെഡിക്കൽ കോളേജിനു വേണ്ടി ഏറ്റെടുത്തു.<br>(4) പ്രോജക്ട് നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുവാൻ കിറ്റ്കോ-യെ ചുമതലപ്പെടുത്തി.<br>(5) 1 കോടി രൂപ ചെലവിൽ, ക്യാംപസിൽ റോഡുകൾ, കുഴൽക്കിണർ എന്നീ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി.<br><br>കാസർഗോഡ് മെഡിക്കൽ കോളേജിനായി 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 11,25,00,000/- രൂപ അനുവദിച്ചതിൽ 19,95,000/- രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്പെഷ്യൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. സാമ്പത്തിക സഹായത്തിനായി (170 കോടിയുടെ) R.I.D.F -ൽ പ്പെടുത്തി നബാർഡിന് നിർദ്ദേശം സമർപ്പിച്ചിട്ടുമുണ്ട് |

സെക്ഷൻ ഓഫീസർ